ശ്രീ. സി.എച്ച്. മുഹമ്മദുകോയ: 500 രൂപ അപര്യാപ്തമാണെന്ന അഭിപ്രായം ഗവൺമെന്റിനുമുണ്ട്. ഇപ്പോഴത്തെ 500 രൂപയിൽ കൂടുതൽ കൊടുക്കാൻ ഫിഷറീസ് വെൽഫെയർ കോർപ്പറേഷന് സാധ്യമല്ല. വരുമാന പരിധി എടുത്തുകളയണമെന്ന് ഗവൺമെന്റ് ഉദ്ദേശിക്കുന്നില്ല.

ശ്രീ. പാണ്ടാരത്ത് കുഞ്ഞിമുഹമ്മദ്: കഴിഞ്ഞവർഷം പഴയങ്ങാടി കടപ്പുറത്തുവച്ചുണ്ടായ സംഘട്ടനത്തിൽ വഞ്ചിയും വലയും നഷ്ടപ്പെട്ട ഒരുപാടു മൽസ്യത്തൊഴിലാളികളുടെ കാര്യം ഗവൺമെന്റിന്റെ പരിഗണനയിലാണെന്നു പറയുകയല്ലാതെ ഇതുവരെ യാതൊരു നടപടിയും സ്വീകരിച്ചുകാണുന്നില്ല. ഇത്തരം തൊഴിലാളികൾക്ക് സഹായം നൽകുന്ന കാര്യത്തെസംബന്ധിച്ച് ഗവൺമെന്റ് ആലോചിക്കുമോ?

ശ്രീ. സി. എച്ച്. മുഹമ്മദുകോയ: സംഘട്ടനത്തിന്റെ കാര്യം വേറെ പ്രശ്നമാണ്. ഇപ്പോഴത്തെപ്പറ്റി പറയാൻ നിവൃത്തിയില്ല.

ശ്രീ. എം. കെ. കേശവൻ: വഞ്ചിയും വലയും നഷ്ടപ്പെടുന്ന മൽസ്യത്തൊഴിലാളി സ്ത്രീകളുണ്ടെങ്കിൽ അവർക്ക് ഈ ധനസഹായത്തിന് അർഹതയില്ലെന്നറിയുന്നതു ശരിയാണോ?

ശ്രീ. സി. എച്ച്. മുഹമ്മദുകോയ: അങ്ങനെയുണ്ടെന്നു തോന്നുന്നില്ല. സാധാരണ മൽസ്യബന്ധനത്തിനു സ്ത്രീകളും പോകാറില്ല.
(ചോദ്യം 250 ചോദിച്ചില്ല.)

എഗ്ഗ് പൗഡർ ഫാക്ടറി

*232 [251] ശ്രീ. എ. എ. റഹീം:
,, കെ.എസ്. നാരായണൻ നമ്പൂതിരി:
,, എൻ. പെ. ദേവസ്സിക്കുട്ടി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പു മന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരളത്തിൽ ഒരു എഗ്ഗ് പൗഡർ ഫാക്ടറി സ്ഥാപിക്കുവാൻ ഗവൺമെന്റ് ഉദ്ദേശിക്കുന്നുണ്ടോ;

(ബി) ഉണ്ടെങ്കിൽ അതിന്റെ നടപടികൾ എത്രത്തോളമായി?

കൃഷിവകുപ്പു മന്ത്രി (ശ്രീ. എ. എൽ. ജേക്കബ്):

(എ) ഉണ്ട്.

(ബി) ചോദ്യം ഉദിക്കുന്നില്ല.

ശ്രീ. എ. എ. റഹീം: തിരുവല്ല കേന്ദ്രമാക്കി ഒരു എഗ്ഗ് പൗഡർ ഫാക്ടറി സ്ഥാപിക്കുമെന്ന് മുമ്പൊരവസരത്തിൽ ഒരു മന്ത്രി പ്രസ്താവിച്ചതായി കേട്ടിട്ടുണ്ട്. ഇതിനു മുമ്പുണ്ടായിരുന്ന മന്ത്രി അത് വേണ്ടെന്നുവച്ചതാണോ, അതല്ല ഇങ്ങനെയൊരു ഫാക്ടറി ആവശ്യമില്ലെന്നു തോന്നിയിട്ടാണോ?

ശ്രീ. എ. എൽ. ജേക്കബ്: ചെറിയ വിശദീകരണം ഞാൻ നൽകാം. 43 ലക്ഷം രൂപയുടെ പദ്ധതിയായിരുന്നു അന്നു കല്പിച്ച ആ പദ്ധതി. 1968-ലാണ് ഈ ഫാക്ടറി തുടങ്ങാൻ ഉദ്ദേശിച്ചിരുന്നത്. 2424 ടൺ മുട്ടപ്പൊടി ഇൻഡ്യയിൽ ഉപയോഗിക്കാവുന്നതിനെപ്പറ്റി കണക്കാക്കിയിരുന്നു. അന്ന് മുട്ടയുടെ വില 22 പൈസയായിരുന്നു. ഒരു കിലോഗ്രാം പൊടിക്ക് 24 രൂപ വില വരുമായിരുന്നു. അതിന്റെ നിർമ്മാണത്തിന് എഴുപത്തിയേഴു മുട്ട വേണ്ടിവരുമായിരുന്നു. ആ കണക്കിന്

LIBRARY ARCHIVES Kerala Legislative Assembly

ഒരു മുട്ടയ്ക്ക് 31 പൈസ വരും. തൻമൂലം സാമ്പത്തികമായ പ്രസ്തുത പദ്ധതി പരാജയപ്പെടുമെന്നു വന്നു. മഹീന്ദ്രാ ആൻറ് മഹീന്ദ്രാ ഇപ്രകാരമൊരു മുട്ടപ്പൊടി ഫാക്ടറി തുടങ്ങിയത് നഷ്ടത്തിലാണ് കലാശിച്ചത്. ആന്ധ്രയിലും ഇപ്രകാരം ഒരു സംരംഭം തുടങ്ങിയത് വിജയിച്ചിട്ടില്ല. കേരളത്തിൽനിന്ന് പ്രതിവാരം അയ്യായിരം കോഴിമുട്ട മാനിലയിലേക്ക് കയറ്റി അയയ്ക്കുന്നുണ്ട്. തമിഴ്നാട്ടിൽനിന്നും, ബാംഗ്ലൂരിൽനിന്നും മുട്ട കേരളത്തിലേയ്ക്ക് വരുന്നുണ്ട്. ഇവിടങ്ങളിൽ കേരളത്തെ അപേക്ഷിച്ച് മുട്ടയുടെ വില വളരെ കുറവാണ്. അതുകൊണ്ടാണ് ഈ മുട്ടപ്പൊടി ഫാക്ടറി തുടങ്ങാതെ നിറുത്തിവച്ചത്.

ശ്രീ. എ. എ. റഹിം: മുട്ടയുടെ വിലയൊന്നും കണക്കാക്കാതെയാണോ കല്പിട്ടത്; മുട്ടപ്പൊടി അവസാനിപ്പിച്ച് മുട്ടപ്പൊടി ഫാക്ടറി തുടങ്ങുമോ?

ശ്രീ. എ.എൽ. ജേക്കബ്ബ്: എന്തു പൊടി വേണമെങ്കിലും തുടങ്ങുന്ന കാര്യം ആലോചിക്കാം.

ശ്രീ. എൻ.ഐ. ദേവസ്സിക്കുട്ടി: 1969-ൽ ഈ ഫാക്ടറി സ്ഥാപിക്കുവാൻ ഗവൺമെൻറ് തീരുമാനിച്ചതിനുശേഷം പ്രോജക്ട് റിപ്പോർട്ടു തയ്യാറാക്കുകയും കല്പിടുകയും ചെയ്തു. അതിനുശേഷം അനാവശ്യമായുണ്ടായ കാലതാമസം കാരണം മഹീന്ദ്രാ ആൻറു മഹീന്ദ്രാ എന്ന കുത്തക സ്ഥാപനം ബോംബെയിൽ ഈ എഗ്ഗ് പൗഡർ ഫാക്ടറി സ്ഥാപിക്കുകയും ആ ഫാക്ടറി ഇന്നും ലാഭത്തിൽ നടക്കുകയും ചെയ്യുന്നു. മന്ത്രി പറഞ്ഞതിനോടു ഞാൻ യോജിക്കുന്നില്ല. അവർ ഇന്നും ലാഭകരമായി നടത്തുന്നുണ്ടെന്നു ശ്രദ്ധയിൽപെട്ടിട്ടുണ്ടോ?

ശ്രീ. എ.എൽ. ജേക്കബ്ബ്: ലാഭകരമായി നടക്കുന്നില്ലെന്നാണ് ഗവൺമെൻറ് അന്വേഷിച്ചതിൽ റിപ്പോർട്ടു കിട്ടിയിട്ടുള്ളത്. അതുകൊണ്ടാണ് നമ്മൾ അതിൽനിന്നും പിൻവാങ്ങിയത്.

ശ്രീ. എൻ. ഐ. ദേവസ്സിക്കുട്ടി: ഒരു വൻകിട ഫാക്ടറിക്ക് സ്കോപ്പുണ്ടെന്നാണ് പ്രോജക്ടു റിപ്പോർട്ടിൽ പറഞ്ഞിട്ടുള്ളത്. അങ്ങനെയൊരു വൻകിട എഗ്ഗ് പൗഡർ എക്സ്പോർട്ട് ഫാക്ടറിക്കു സ്കോപ്പുണ്ടായിരുന്നത്, ഗവൺമെൻറ് അനാവശ്യമായി താമസിച്ചതു കാരണം മഹീന്ദ്രാ ആൻറ് മഹീന്ദ്രാ ലാഭകരമായി നടത്തുകയും നമ്മുടെ രാജ്യത്തിലെ പൗൾട്രി ഫാം കർഷകർക്കു ലഭിക്കേണ്ടിയിരുന്ന ആനുകൂല്യം നഷ്ടപ്പെടുകയും ചെയ്തു എന്നു പറഞ്ഞാൽ നിഷേധിക്കുമോ?

മി. സ്പീക്കർ: അതാണല്ലോ ഇപ്പോൾ നിഷേധിച്ചത്.

ശ്രീ. ആർ. ബാലകൃഷ്ണപിള്ള: ബഹുമാനപ്പെട്ട എം. എൻ. ഗോവിന്ദൻനായർ ഇവിടെ കൃഷിവകുപ്പുമന്ത്രിയായിരുന്നപ്പോൾ തിരുവല്ലയിൽ കല്പിട്ട മുട്ടപ്പൊടി ഫാക്ടറിയിൽ നിന്നും ഉൽപ്പാദിപ്പിക്കുന്ന മുഴുവൻ ഉൽപ്പന്നങ്ങളും നമ്മുടെ ഡിഫൻസ് സർവ്വീസസ്സിനുവേണ്ടി എടുത്തുകൊള്ളാമെന്നു കേന്ദ്രഗവൺമെൻറു സമ്മതിച്ചിരുന്നു എന്നും അതിൻറെ അടിസ്ഥാനത്തിൽ ഈ ഫാക്ടറി തുടങ്ങുന്നു എന്നും അദ്ദേഹം കല്പിടൽ കർമ്മത്തിൽ പ്രസംഗിച്ചിട്ടുണ്ട്. ഈ പ്രോജക്ട് ഇന്നും ലാഭകരമായി നടപ്പിലാക്കാൻ കഴിയുമെന്നുള്ളതു പരിഗണിച്ചും ശ്രീ. ദേവസ്സിക്കുട്ടി

LIBRARY ARCHIVES Kerala Legislative Assembly

പറഞ്ഞതുപോലെ മഹീന്ദ്രാ ആൻറു മഹീന്ദ്രാ ഇന്നും ലാഭകരമായി നടപ്പിലാക്കുന്നു എന്നുള്ളതുകൂടി പരിഗണിച്ചും ഒന്നുകൂടി ഇതിനെ സംബന്ധിച്ച് പരിശോധിക്കുകയും തിരുവല്ലയിൽ ആരംഭിക്കുവാനുള്ള ഈ ഫാക്ടറിയുടെ പ്രവർത്തനം തുടങ്ങുകയും ചെയ്യുമോ?

ശ്രീ. എ. എൽ. ജേക്കബ്ബ്: അതു പരിശോധിക്കാവുന്നതാണ്. പക്ഷെ നമ്മുടെ ഇവിടെ മുട്ടയ്ക്കു വിലകൂടുതലാണ്. അതുകൊണ്ട് അവരുമായി കമ്പീറ്റു ചെയ്യാൻ സാധ്യമല്ല. അതുകൊണ്ട് ഇവിടെ കൂടുതൽ മുട്ട ഉൽപ്പാദിപ്പിച്ചതിനുശേഷം നമുക്കു തുടങ്ങുന്നതിനെപ്പറ്റി ആലോചിക്കാം.

ശ്രീ. ഒ. ലൂക്കോസ്: ഈ മുട്ടപ്പൊടി ഫാക്ടറി ആരംഭിക്കേണ്ടതില്ലെന്നു തീരുമാനിച്ചിട്ടുള്ളതായി ബഹുമാനപ്പെട്ട മന്ത്രി പറഞ്ഞു. അങ്ങനെയൊരു തീരുമാനമെടുത്തിട്ടുള്ളത് എന്നാണ്; ഈ ഗവൺമെൻറ് അങ്ങനെയൊരു തീരുമാനം എടുത്തിട്ടുണ്ടോ; ഇല്ലെങ്കിൽ ഇനിയും അതിനെക്കുറിച്ച് പുനഃപരിശോധിക്കുവാൻ തയ്യാറാകുമോ?

ശ്രീ. എ.എൽ. ജേക്കബ്ബ്: അതിനെപ്പറ്റി ആലോചിക്കാം.

മെഡിക്കൽ കോളേജുകളിലെ അദ്ധ്യയനഭാഷ

*233 [252] ശ്രീ. കെ. ജെ. ചാക്കോ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ദയവായി ആരോഗ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) മെഡിക്കൽ കോളേജുകളിലെ അദ്ധ്യയന ഭാഷ മലയാളമാക്കുവാൻ പരിപാടിയുണ്ടോ;

(ബി) ഇക്കാര്യത്തെ സംബന്ധിച്ച് കേന്ദ്ര ഗവൺമെൻറ് എന്തെങ്കിലും നിർദ്ദേശം നൽകിയിട്ടുണ്ടോ;

(സി) ഉണ്ടെങ്കിൽ എന്തു നിർദ്ദേശമാണ് നൽകിയിരിക്കുന്നത്;

(ഡി) ഈ നിർദ്ദേശം നടപ്പിലാക്കുവാൻ ഉദ്ദേശിക്കുന്നുണ്ടോ ?

ആരോഗ്യവകുപ്പു മന്ത്രി (ശ്രീ. കെ.പി. പ്രഭാകരൻ):

(എ) ഉണ്ട്.

(ബി) ആൻറ് (സി) നിർദ്ദേശമൊന്നും ലഭിച്ചിട്ടില്ല. എന്നാൽ മെഡിക്കൽ കോളേജുകളിലെ ബോധനമാധ്യമം ഇംഗ്ലീഷിൽനിന്നു പ്രാദേശികഭാഷകളിലേയ്ക്കാക്കുന്നത് സംബന്ധിച്ച ഒരു നിർദ്ദേശം കേന്ദ്ര ഗവൺമെൻറിൻെറ പരിഗണനയിലുണ്ടെന്നും അതിൻമേൽ സംസ്ഥാന ഗവൺമെൻറിൻെറ അഭിപ്രായം അറിയിക്കണമെന്നും കാണിച്ചുകൊണ്ട് കേന്ദ്രഗവൺമെൻറിൽനിന്നും ഒരു കത്തുകിട്ടിയിരുന്നു.

(സി) ഈ നിർദ്ദേശത്തോടു സംസ്ഥാനഗവൺമെൻറു തത്വത്തിൽ യോജിക്കുന്നുണ്ട്. എന്നാൽ മെഡിക്കൽ കോളേജുകളിലെ ബോധനമാധ്യമം മലയാളത്തിലാക്കുന്നതു പടിപടിയായിട്ടേ നടപ്പിലാക്കുവാൻ സാധിക്കുകയുള്ളു. ഈ വിവരം കേന്ദ്രഗവൺമെൻറിനെ അറിയിച്ചിട്ടുണ്ട്.

ശ്രീ. കെ.ജെ. ചാക്കോ: മെഡിക്കൽ കോളേജിലെ അദ്ധ്യയനമാധ്യമം മലയാളമാക്കുന്നതിൽ ശക്തമായ പ്രതിഷേധം രേഖപ്പെടുത്തിക്കൊണ്ട് വിദ്യാർത്ഥികളും വിദ്യാർത്ഥി സംഘടനകളും പ്രമുഖരായ ഡോക്ടർ

LIBRARY ARCHIVES Kerala Legislative Assembly